"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - പാലക്കാട് വരോട് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപിക ശ്രീമതി.ബിന്ദു പി.ആർ. സമർപ്പിച്ച റിട്ട് ഹർജി 38370/2022-ലും, സ്കൂൾ മാനേജർ സമർപ്പിച്ച റിട്ട് ഹർജി 38457/2022-ലും പൊതുവായി 29.11.2022-ന് ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1069/2023/GEDN തീയതി, തിരുവനന്തപുരം, 06-02-2023

---

പരാമർശം:-
1. റിട്ട് ഹർജി 38370/2022-ലെയും റിട്ട് ഹർജി 38457/2022-ലെയും 29.11.2022-ലെ പൊതുവിധിന്യായം
2. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.12.2022-ലെ DEOOTP/11333/2022 നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.12.2022-ലെ വിബി2/812944/2022-ഡിജിഇ നമ്പർ കത്ത്
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21.12.2022-ലെ DDEPKD/4965/2022-B5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് വരോട് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപിക ശ്രീമതിബിന്ദു പി.ആർ. സമർപ്പിച്ച റിട്ട് ഹർജി 38370/2022-ലും, സ്കൂൾ മാനേജർ സമർപ്പിച്ച റിട്ട് ഹർജി 38457/2022-ലും പൊതുവായി 29.11.2022-ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട കക്ഷികളെ 22.12.2022-ൽ നേരിൽ കേൾക്കുകയുണ്ടായി.

**2) ഹർജിക്കാരിയായ ശ്രീമതി.ബിന്ദുപി.ആർ.ന്റെ വാദങ്ങളുടെ പ്രസക്ത ഭാഗം താഴെ കൊടുക്കുന്നു:**

"വരോട് KPSMMHSS സ്കൂളിൽ 15.07.1993 മുതൽ H S A നാച്ചുറൽ സയൻസ് അദ്ധ്യാപികയായി സ്ഥിര നിയമനം ലഭിച്ചു ജോലി ചെയ്തു തുടരവെ 1.10.2020 മുതൽ എനിക്ക് പ്രധാന അദ്ധ്യാപികയായി ടി സ്കൂൾ മാനേജർ സ്ഥാനക്കയറ്റം നൽകുകയും ആയത് ഒറ്റപ്പാലം ജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ 11.11.2022 തീയതി മുതൽ സ്കൂൾ

മാനേജർ എനിക്ക് **M/156/2022** നമ്പർ ഉത്തരവ് പ്രകാരം വേലവിലക്ക് കൽപ്പിക്കുകയും **M/157/2022** നമ്പറിൽ **11.11.2022** തീയതിയിൽ ചാർജ്ജ് മെമ്മോ നൽകുകയും അതേ തീയതിയിൽ തന്നെ കുറ്റാരോപണങ്ങൾ ഉൾപ്പെടെ നൽകിയിട്ടുള്ളതുമാണ്.

മേൽ കാര്യാലയങ്ങളിലേക്ക് അറിയിപ്പുകൾ നൽകാതെയും തുടർനടപടികൾ അറിയിക്കാതെയും തിടുക്കത്തിൽ ഓഫീസ് രേഖകൾ നഷ്ടപ്പെടാൻ വരെ സാഹചര്യമുണ്ടാക്കുന്ന രീതിയിൽ എനിക്ക് വേലവിലക്ക് ഉത്തരവും കുറ്റപത്രവും ഉൾപ്പെടെയുള്ളവ ഒരേ തീയ്യതിയിൽ മതവിദ്വേഷമുണ്ടാക്കുന്നു എന്നാരോപിച്ച് 24 മണിക്കൂറിനുള്ളിൽ വിശദീകരണം ആവശ്യപ്പെട്ടതും ഞാൻ വിശദീകരണം നൽകിയിട്ടും എന്നെ ഉടനെ സസ്പെന്റ് ചെയ്യുന്നതിന് നടപടി എടുത്തതുമായ മാനേജരുടെ നടപടി ക്രമവിരുദ്ധമാണ്. ടി മാനേജർ മാനേജുമെന്റുകളുമായി ബന്ധപ്പെട്ട് വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ടെന്ന മേൽ അദ്ധ്യാപകരുടെ പരാമർശവും പരിശോധിക്കണമെന്നും എനിക്കെതിരായി ടിയാൻ നൽകിയ വേലവിലക്ക് ഉത്തരവിൽ മാനേജർ പരാമർശിച്ചിരിക്കുന്ന യാതൊരു കത്തുകളും പരാതികളും യഥാസമയം എനിക്ക് നൽകാതെയും വിശദീകരണം ആവശ്യപ്പെടാതെയും പെട്ടെന്ന് ആസൂത്രിതമായി യോഗം വിളിച്ചു ചേർത്ത് എനിക്ക് എതിരെ പരാമർശങ്ങൾ ഉന്നയിക്കുന്നതിന് സാഹചര്യമൊരുക്കിയതും എന്നെ മാറ്റി നിർത്തിയതും ക്രമവിരുദ്ധമാണെന്ന് അങ്ങയെ അറിയിക്കുന്നു. ഒരു സ്ത്രീ ജീവനക്കാരിയും സ്കൂളിലെ പ്രധാന അദ്ധ്യാപികയുമായ എനിക്ക് സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നതിനാലും ടിയാന്റെ മേൽ ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കാത്തതിനാലും സർക്കാർ ഖജനാവിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിന് ശ്രമിക്കാതെ പ്രവർത്തിച്ചതിനാലും നേരിടേണ്ടിവന്ന കൂട്ടായ ആക്രമണവും മാനസിക സമ്മർദ്ദവും സഹിക്കേണ്ടി വന്ന അധിക്ഷേപങ്ങളും നിരവധിയാണ്. എനിക്ക് യാതൊരുവിധ സംരക്ഷണവും നൽകാതെ എന്നെ മാനസികമായി പീഡിപ്പിക്കുകയും അകാരണമായി ജോലിയിൽ നിന്നും സസ്പെന്റു ചെയ്യുകയും ടിയാന്റെ സ്കൂൾ തസ്തികകൾ സംരക്ഷിക്കുന്നതിനായി ക്രമക്കേട് നടത്തുന്നതിൽ നിന്നും എതിർക്കുന്ന എന്റെ കൃത്യമായ പ്രവർത്തനങ്ങൾ അനുവദിക്കാതെ മാറ്റിനിർത്തിയ മാനേജർ തന്നെ എന്റെ വേലവിലക്ക് ഉത്തരവ് കൈപ്പറ്റി ആയതിലെ എനിക്കെതിരെയുള്ള പരാതികളുടെ പകർപ്പ് ആവശ്യപ്പെട്ടത് സ്കൂളിൽ ചാർജ്ജ് എടുത്ത വ്യക്തിയിൽ നിന്നും കൈപ്പറ്റാവുന്നതാണെന്ന് സൂചിപ്പിച്ച് കത്ത് നൽകിയും എന്നെ അപമാനിക്കുന്നതിനെയും ടിയാന്റെ ഉത്തരവാദിത്വക്കുറവിനെയും സൂചിപ്പിക്കുന്നതാണെന്ന് അറിയിക്കുന്നു.

മാത്രവുമല്ല **10/2020** മുതൽ പ്രധാന അദ്ധ്യാപികയായി ജോലിചെയ്തു വന്നിരിക്കുന്ന എനിക്കെതിരെ നാളിതുവരെ പരാതികൾ ഒന്നും പരിശോധിക്കപ്പെടാതെയും നടപടികൾ സ്വീകരിക്കപ്പെട്ടും മേൽ കാര്യാലയങ്ങളിൽ ഇല്ലാത്ത സാഹചര്യത്തിലും ഈ അദ്ധ്യയന വർഷത്തിൽ ടിയാന് ബോഗസ്

അഡ്മിഷൻ നടത്തുന്നതിനും ഹാജരിൽ കൃത്യതയില്ലാത്ത കുട്ടികളെ സ്കൂളിൽ മുഴുവൻ ഹാജർ നൽകി ഡിവിഷൻ നിലനിർത്തുന്നതിന് അനുവദിക്കാത്തതിനാലും ടിയാൻ നടത്തിയ ഗൂഡാലോചന പരിശോധിക്കണമെന്നും എന്നെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് നൽകിയ ഉത്തരവിനെയും അംഗീകരിക്കാതെ എനിക്കെതിരെ വൈരാഗ്യബുദ്ധിയോടെ പ്രവർത്തിക്കുന്ന മാനേജരുടെ പ്രവണതയെ ബഹു. കേരള ഹൈക്കോടതിയിൽ സ്വകാര്യ അന്യായം WP(C)No.38370/2022 ഫയൽ ചെയ്ത് അനുകൂലമായ വിധിന്യായം പുറപ്പെടുവിക്കപ്പെട്ടതിനെ തുടർന്ന് അങ്ങയുടെ കാര്യാലയത്തിൽ നടത്തുന്ന ഈ കൂടികാഴ്ചയിൽ എന്റെ വേലവിലക്ക് ഉത്തരവിനെ അന്വേഷിച്ച് ഉത്തരവിട്ട പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഞാൻ നൽകിയ ഹിയറിംഗ് നോട്ടും ഹാജരാക്കിയ ശബ്ദരേഖയിലും പരാമർശിക്കുന്ന വിവരങ്ങളിന്മേൽ അടിയന്തിരമായി അന്വേഷണം നടത്തണമെന്നും മാനേജരുടെ ക്രമരഹിതമായതും ഒരു സ്ത്രീ ജീവനക്കാരിയെ തകർക്കുന്നതിനും മാനസികമായി പീഡിപ്പിക്കുന്നതുമായ പ്രവണതയെ മനസ്സിലാക്കി തുടർന്നും ജോലി സ്ഥലത്ത് സംരക്ഷണം ഉറപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും എനിക്ക് സർവ്വീസിൽ പുനഃപ്രവേശിക്കുന്നതിനും ഉപജീവനത്തിന് ആവശ്യമായ ആനുകൂല്യങ്ങൾ പോലും നൽകാത്ത മാനേജരുടെ ഇത്തരം പ്രവൃത്തികൾ നിരീക്ഷിച്ച് അനുയോജ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു."

**3) സ്കൂൾ മാനേജരുടെ വാദങ്ങളുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:**

"പ്രധാന അദ്ധ്യാപികയായ ശ്രീമതി.പി.ആർ. ബിന്ദു ടിച്ചറിന്റെ മോശമായ പെരുമാറ്റത്തിനും സമീപനത്തിനും സംസാരരീതിക്കുമെതിരെ സഹ അദ്ധ്യാപകരിൽ നിന്നും അനദ്ധ്യാപകരിൽ നിന്നും രക്ഷിതാക്കളിൽ നിന്നും പി.റ്റി.എ. പ്രസിഡന്റിൽ നിന്നും പൊതുജനങ്ങൾ ഉൾപ്പെടെ വിവിധ കോണുകളിൽ നിന്നും വളരെയധികം പരാതികൾ ലഭിച്ചു.

ശ്രീമതി.ബിന്ദു പി.ആർ.ന്റെ മോശം പെരുമാറ്റം ചർച്ച ചെയ്യാൻ ഒരു സ്റ്റാഫ് കൗൺസിൽ യോഗം മാനേജർ വിളിച്ചു കൂട്ടി. 07.11.2022 രാവിലെ 10.00 മണിക്ക് കൗൺസിൽ യോഗം ചേർന്നു. അവിടെ മുഴുവൻ ജീവനക്കാരും ഹെഡ്മിസ്ട്രസിനെതിരെ രേഖാമൂലം പരാതി നൽകി. ടിയാളുടെ പെരുമാറ്റവും സ്റ്റാഫിനോടും മാതാപിതാക്കളോടും വിദ്യാർത്ഥികളോടും ഉള്ള മോശം മനോഭാവവും പരാതിയിൽപ്പെടുന്നു. ശ്രീമതി. ബിന്ദു പി.ആർ. ജീവനക്കാരോട് മോശമായി പെരുമാറിയെന്നാണ് ഇവരുടെ ആരോപണം. അധ്യാപകർക്കെതിരെ പരാതി നൽകാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നു. രക്ഷിതാക്കൾ പല ആന്വേഷണങ്ങൾക്കായി വരുമ്പോൾ വളരെ നേരം രക്ഷിതാക്കളെ ഒഴിവാക്കി മൊബൈൽ ഫോൺ ഉപയോഗിച്ച് അവരെ അപമാനിക്കുന്നതായും പൊതുപരാതി

ഉയർന്നു. ശ്രീമതി. പി.ആർ. ബിന്ദുവിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നു സ്റ്റാഫ് കൗൺസിൽ ആവശ്യപ്പെട്ടു.

ശ്രീമതി.ബിന്ദു പി.ആർ.നെതിരെയുള്ള ആരോപണങ്ങൾ ഗൗരവമുള്ളതായതിനാൽ ഈ വിഷയത്തിൽ അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയായിരുന്നു പോംവഴി. അച്ചടക്കനടപടി സമയത്ത് സ്കൂളിൽ ബിന്ദു പി.ആർ.ന്റെ സാന്നിധ്യം അന്വേഷണത്തെയും സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തെയും പ്രതികൂലമായി ബാധിക്കും എന്നതിനാൽ അച്ചടക്കനടപടിയുടെ ഭാഗമായി ശ്രീമതി ബിന്ദു പി.ആർ.നെ അന്വേഷണ വിധേയമായി 15 ദിവസത്തേക്ക് മാനേജർ സസ്പെൻഷനലാക്കി.

സസ്പെൻഷൻ ഉത്തരവിനൊപ്പം ചാർജു മെമ്മോയും കുറ്റാരോപണ പത്രികയും നൽകി. അതേ തീയതിയിൽ തന്നെ എല്ലാ വിവരങ്ങളും ഡി.ഇ.ഒ., ഡി.ഡി.ഇ. എന്നിവരെ അറിയിച്ചു. സസ്പെൻഷൻ അംഗീകരിക്കാനും സസ്പെൻഷൻ 1 5 ദിവസത്തിനപ്പുറത്തേക്ക് നീട്ടാനുള്ള അനുമതിയും ഒരേസമയം സമർപ്പിച്ചു. സസ്പെൻഷന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണം ഡെപ്യൂട്ടി ഡയറക്ടർ നടത്തി. എന്നാൽ സസ്പെൻഷൻ കാലാവധി നീട്ടാൻ അദ്ദേഹം 25.11.2002-ലെ DDEPKD/4965/2022 B-5 ഉത്തരവ് പ്രകാരം വിസമ്മതിച്ചു.

ഇതുമായി ബന്ധപ്പെട്ട് മാനേജർ ഒരു റിവിഷൻ ഹർജിയും അതോടൊപ്പം ഡെപ്യൂട്ടി ഡയറക്ടറുടെ എക്സിബിറ്റ് പി-15 ഉത്തരവ് സ്റ്റേ ചെയ്യാനുള്ള ഹർജിയും സർക്കാരിന് മുമ്പാകെ സമർപ്പിച്ചു. റിവിഷൻ പെറ്റിഷൻ അനുവദിക്കുമെന്ന പ്രതീക്ഷയിൽ ശ്രീമതി.ബിന്ദു പി.ആർ.ന്റെ സസ്പെൻഷൻ സർക്കാരിന്റെ ഉത്തരവുകൾക്ക് വിധേയമായി നീട്ടുകയുണ്ടായി. എക്സിബിറ്റ് P-16, P16(a) എന്നിവ പരിഗണിക്കുന്നതിലെ എന്തെങ്കിലും കാലതാമസം ഹർജിക്കാരന്റെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ തുടർന്ന് ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C)No.38457 of 2022 ഫയൽ ചെയ്തു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന കാരണങ്ങളാൽ ബഹു.സർക്കാർ ഇടപെട്ട് ഹർജിക്കാരന്റെ ആവലാതി പരിഹരിച്ച് ആശ്വാസ ഉത്തരവ് പുറപ്പെടുവിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീമതി.ബിന്ദു പി.ആർ.ന്റെ വളരെ മോശമായ പെരുമാറ്റവും സമീപനവും സംബന്ധിച്ച് സ്കൂളിലെ മുഴുവൻ ജീവനക്കാരുടെയും പിടിഎ പ്രസിഡന്റിന്റെയും പരാതികളുടെ അടിസ്ഥാനത്തിലാണ് ടിയാൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചത്. അതുകൊണ്ട് തന്നെ സസ്പെൻഷൻ ന്യായമാണ്.

പ്രധാനാധ്യാപികക്കെതിരെയുള്ള കുറ്റാരോപണ മെമ്മോയിലെയും കുറ്റാരോപണ പത്രികയിലെയും ആരോപണം അതീവ ഗുരുതരവും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാവകാശ ലംഘനവും സ്കൂളിന്റെ ശാന്തവും

സുഗമവുമായ പ്രവർത്തനത്തെ താറുമാറ് ആക്കുന്നതും ആയതിനാൽ ശ്രീമതി ബിന്ദു പി.ആർ. ചാപ്റ്റർ **XIII** **KER** പ്രകാരം പ്രധാനാധ്യാപിക ആയി തുടരാൻ യോഗ്യയല്ല. കാര്യത്തിന്റെ ഈ വശം ഗൗരവമായി ഡിഡി.ഇ എടുത്തിട്ടില്ല എന്ന് ബോധിപ്പിക്കുന്നു.

പ്രധാനാധ്യാപികയുടെ ഗുരുതരമായ പെരുമാറ്റ ദൂഷ്യത്തിനെതിരെ മുഴുവൻ ജീവനക്കാരും സംയുക്തമായി പരാതി നൽകി. ആറാമത്തെ പ്രതി പ്രധാനാധ്യാപികയുടെ നേതൃത്വത്തിൽ സ്കൂൾ നടത്താൻ ആകില്ല. എല്ലാവരെയും കൂട്ടിയോജിപ്പിച്ച് അവരുടെ സഹകരണത്തോടെ തൃപ്തികരമായി അധ്യയന അധ്യാപന പ്രക്രിയ സുഗമമായി നടത്തിക്കൊണ്ട് പോകാനാവാത്ത വിധം അധ്യാപകരെയും അനധ്യാപകരെയും വിദ്യാർത്ഥി രക്ഷകർത്തൃ സമൂഹത്തെയും അതൃപ്തിയുടെയും വെറുപ്പിന്റെയും അന്തരീക്ഷമായാണ് ശ്രീമതി ബിന്ദു പി.ആർ. പ്രധാനാധ്യാപിക ആയ ശേഷം സ്കൂൾ അന്തരീക്ഷം മാറ്റിയത്. ടിയാൾ പ്രധാനാധ്യാപിക ആവുന്നതിന് മുമ്പുണ്ടായിരുന്നതിനെക്കാൾ ഡിവിഷനുകൾ കുറഞ്ഞു കൊണ്ടുമിരിക്കുന്നു.

ശ്രീമതി.ബിന്ദു പി.ആർ.നെതിരെ ഗുരുതരമായ കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത് എങ്കിലും ഡി.ഡി.ഇ. അച്ചടക്ക നടപടികൾക്ക് വിധേയമായി സസ്പെൻഷൻ കാലാവധി നീട്ടുന്നതിൽ പരാജയപ്പെട്ടു. അച്ചടക്ക നടപടി സ്വീകരിക്കേണ്ടി വന്ന സാഹചര്യം ഡെപ്യൂട്ടി ഡയറക്ടർ ശ്രദ്ധയോടെ അന്വേഷണം നടത്തി കണ്ടെത്തേണ്ടതായിരുന്നു. ശ്രീമതി.ബിന്ദു പി.ആർ.നെ പ്രധാനാധ്യാപികയായി നിലനിർത്തിക്കൊണ്ട് അച്ചടക്ക നടപടി തുടരുകയാണെങ്കിൽ സ്കൂളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും എന്ന വസ്തുത വിലയിരുത്താൻ ഡെപ്യൂട്ടി ഡയറക്ടർക്ക് ബാധ്യതയുണ്ട്. ശ്രീമതി ബിന്ദു പി.ആർ.നെ പ്രധാനാധ്യാപികയായി നിലനിർത്തിക്കൊണ്ട് സ്കൂൾ പ്രവർത്തനത്തിന്റെ പരമപ്രധാന ഉദ്ദേശ്യമായ അധ്യയന അധ്യാപന പ്രക്രിയ സുഖമായി നടത്തിക്കൊണ്ട് പോകാനാവുമോ എന്നു വിലയിരുത്തുന്നതിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച സസ്പെൻഷൻ കാലാവധി നീട്ടാൻ അനുമതി നൽകുന്നതിൽ കാര്യമായി സ്വാധീനിച്ചു. യാതൊരു നേതൃപാടവമോ ക്ഷമാശീലമോ അവധാനതയോ പൊതുജനങ്ങളോടും രക്ഷകർത്താക്കളോടും സഹപ്രവർത്തകരോടും ഡി.ഇ.ഒ., പിടിഎ പ്രസിഡൻറ് മുതലായവരോടുപോലും ആവശ്യം വേണ്ടുന്ന പ്രതിബദ്ധതയോ ഇതര വിഭാഗങ്ങളോട് സമഭാവനയോ പോലുമില്ലാത്ത ശ്രീമതി.ബിന്ദു പി.ആർ.നെ പോലുള്ള ഒരു പ്രധാനാധ്യാപികയെ നിലനിർത്തിക്കൊണ്ട് സ്കൂൾ പ്രവർത്തനവും ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരണവും അസാധ്യമാണെന്ന സംഗതി സദയം പരിഗണിച്ചാലും.

ഇവയും മറ്റു കാരണങ്ങളും വാദ സമയത്ത് വ്യക്തമാക്കുന്ന കാരണങ്ങളാലും, ബഹുമാനപ്പെട്ട സർക്കാർ ചുവടെ ചേർത്തിരിക്കുന്ന ആശ്വാസ ഉത്തരവ്

പുറപ്പെടുവിക്കണമെന്നു ബഹുമാനപൂർവ്വം അഭ്യർത്ഥിക്കുന്നു.

ശ്രീമതി.ബിന്ദു പി.ആർ.ന്റെ സസ്പെൻഷൻ കാലാവധി അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതുവരെ ദീർഘിപ്പിക്കാനാവശ്യമായ ഉത്തരവ് പുറപ്പെടുവിച്ച് പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകുക.

എക്സിബിറ്റ് പി- 15 ഓർഡറിന്റെ ഫയലുകൾ വിളിച്ച് വരുത്തി അതിന്റെ ഒറിജിനൽ റദ്ദാക്കുക.

എക്സിബിറ്റ് P 1 മുതൽ P 14 വരെയുള്ള രേഖകളുടെ അടിസ്ഥാനത്തിൽ എക്സിബിറ്റ് പി- 1 6 എക്സിബിറ്റ് പി-16എ എന്നിവയിൽ അന്തിമ തീരുമാനമാകുന്നതുവരെ എക്സിബിറ്റ് പി- 1 5 ഉത്തരവ് സ്റ്റേ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുക.”

**4)പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെയും സമാനമായ റിപ്പോർട്ട് താഴെ കൊടുക്കുന്നു:**

"വരോട് കെ.പി.എസ്.എം.എം.എച്ച്.എസ്.എസ്.ൽ പ്രധാനാധ്യാപികയായിരുന്ന ശ്രീമതി ബിന്ദു പി.ആർ.നെ ടി സ്കൂളിലെ മാനേജർ സ്കൂളിലെ അധ്യാപകരോടും വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും അപമര്യാദയായി പെരുമാറിയതിനും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മുന്നിൽ വച്ച് വളരെ മോശമായ ഭാഷ ഉപയോഗിച്ചു എന്ന കാരണത്താലും 11.11.2022 മുതൽ 1 5 ദിവസത്തേക്ക് അന്വേഷണ വിധേയമായി വേലവിലക്ക് കൽപ്പിച്ചു.

തുടർന്ന് കെ.ഇ.ആർ. അധ്യായം XIV A റൂൾ 67 (8) പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ 21.11.2002-ന് ഉച്ചക്ക് 0 3 . 3 0 മണിക്ക്, സ്കൂളിൽ വച്ച് നടത്തിയ പ്രാഥമികാന്വേഷണത്തിൽ സസ്പെൻഷനിലായ പ്രധാനാധ്യാപിക ശ്രീമതി ബിന്ദു പി.ആർ., മാനേജർ, ബന്ധപ്പെട്ട മറ്റു് പരാതിക്കാർ എന്നിവർ പങ്കെടുത്തു. അവരുടെ മൊഴിയും വാദഗതികളും പരിശോധിക്കുകയും പരാതിയുടെ ഗ്രാവിറ്റിയുടെ അടിസ്ഥാനത്തിൽ വേലവിലക്ക് 1 5 ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കേണ്ട സാഹചര്യമില്ലെന്നും നിലവിലെ പരാതികളുടെ അടിസ്ഥാനത്തിൽ സഹപ്രവർത്തകരോടും, രക്ഷിതാക്കളോടും മാന്യമായ രീതിയിൽ ഇടപെടണമെന്നും സഹപ്രവർത്തകരുടെ സഹകരണത്തോടെ സ്കൂൾ പ്രവർത്തനങ്ങൾ നിർവഹിക്കണമെന്നും നിർദ്ദേശിച്ചു കൊണ്ട് വേലവിലക്കിലുള്ള ശ്രീമതി ബിന്ദു പി.ആർ.നെ സർവീസിൽ പ്രവേശിപ്പിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25.11.2012-ലെ ബി5/4965 /2012 ഉത്തരവ് പ്രകാരം മാനേജർക്ക് നിർദ്ദേശം നൽകി. ടി ഉത്തരവിനെതിരെ മാനേജർ സ്റ്റേ ലഭിക്കുന്നതിന് ബഹു കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി നമ്പർ 38457/2022 ഫയൽ ചെയ്തു.

ശ്രീമതി ബിന്ദു പി.ആർ. സമർപ്പിച്ച റിട്ട് ഹർജി നം.38370/ 2022-ലെയും

മാനേജർ സമർപ്പിച്ച റിട്ട് ഹർജി 38457/2022-ലെയും മേലുള്ള പൊതുവിധിന്യായ പ്രകാരം ഉത്തരവ് നടപ്പിൽ വരുത്തുവാനും ശ്രീമതി ബിന്ദു പി.ആർ.നെ ഉടൻ ജോലിയിൽ പ്രവേശിപ്പിക്കുവാനും മാനേജരോട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി നിർദ്ദേശം നടപ്പാക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർ മാനേജർക്ക് 19.12.2022-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കത്തിനുള്ള മാനേജരുടെ മറുപടിയിൽ ടിയാൻ ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്നും ആയതിന്റെ തീർപ്പ് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുമെന്നും വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിച്ചിരുന്നു.

ഈ സാഹചര്യത്തിൽ സർക്കുലർ നമ്പർ ജെ1/164/2019/പൊ.വി.വ തീയതി 28.8.2019 പ്രകാരം റിവിഷൻ സർക്കാരിൽ ലഭിച്ച് 7 ദിവസത്തിനകം വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് റിവിഷൻ അധികാരിയായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലായെങ്കിൽ സസ്പെൻഷൻ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടുള്ള ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നിലനിൽക്കുന്നതായും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ടി അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് പ്രസ്തുത തീയതി മുതൽക്കുള്ള ശമ്പളത്തിനും, മറ്റാനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്നും, അദ്ധ്യാപികയെ തിരിച്ചെടുക്കാത്ത പക്ഷം ടി തുകയുടെ ബാധ്യത മാനേജ്മെന്റിൽ നിക്ഷിപ്തമായിരിക്കും എന്ന നിർദ്ദേശം മാനേജർക്ക് നൽകിയിട്ടുണ്ട് എന്ന് ഒറ്റപ്പാലം ഡി.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

5) സർക്കാർ ഇക്കാര്യം ഹർജിക്കാരുടെ വാദങ്ങളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും സർക്കാർ ഉത്തരവുകളുടെയും, കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. പ്രസ്തുത പൊതുവിധിന്യായത്തിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നടപ്പിൽ വരുത്തുവാനും, പ്രധാനാധ്യാപിക ശ്രീമതി.ബിന്ദു പി.ആർ.നെ ഉടൻ ജോലിയിൽ പ്രവേശിപ്പിക്കുവാനും ബഹു.ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശം നടപ്പിലാക്കാൻ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മാനേജരുടെ മറുപടിയിൽ ടിയാൻ ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ ഡിവിഷൻ ബഞ്ചിൽ

അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്നും ആയതിന്റെ തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുമെന്നും അറിയിക്കുന്നു. എന്നാൽ സർക്കാരിൽ ഇതുവരെയും ഇതു സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല.

6. പ്രസ്തുത വിധിന്യായത്തിൽ മാനേജരുടെ **Ext.P16** റിവിഷൻ ഹർജിയും **Ext P16 ( a )** സ്റ്റേ ഹർജിയും പരിഗണിച്ച് ഹിയറിംഗ് നടത്തി തീരുമാനമെടുക്കാൻ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. **Ext.P16, Ext P16(a)**യിൽ തീരുമാനമെടുക്കുന്നതുവരെ **Ext P15** (പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നം.**DDEPKD/4965/2022-B5** തീയതി **25.11.2022**) സ്റ്റേ ചെയ്യണമെതാണ് മാനേജരുടെ ആവശ്യം.

7. ശ്രീമതി. ബിന്ദു പി.ആർ.നെ സ്കൂളിലെ അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും, രക്ഷിതാക്കളോടും അപമര്യാദയായി പെരുമാറിയതിനും, വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മുന്നിൽ വച്ച് മോശമായ ഭാഷ ഉപയോഗിച്ചു എന്ന കാരണത്താലും ആണ് മാനേജർ **11.11.2022** മുതൽ **15** ദിവസത്തേക്ക് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തത്. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ **21.11.2022**-ന് നടത്തിയ പ്രാഥമികാന്വേഷണത്തിൽ, ബന്ധപ്പെട്ട കക്ഷികളുടെയെല്ലാം വാദഗതികളും, മൊഴിയും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാതിയുടെ ഗ്രാവിറ്റിയുടെ അടിസ്ഥാനത്തിൽ സസ്പെൻഷൻ **15** ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കേണ്ട സാഹചര്യമില്ലെന്നും, നിലവിലെ പരാതികളുടെ അടിസ്ഥാനത്തിൽ സഹപ്രവർത്തകരോടും, രക്ഷിതാക്കളോടും മാന്യമായ രീതിയിൽ ഇടപെടണമെന്നും സഹപ്രവർത്തകരുടെ സഹകരണത്തോടെ സ്കൂൾ പ്രവർത്തനങ്ങൾ നിർവ്വഹിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് സസ്പെൻഷനിലുള്ള ശ്രീമതി.ബിന്ദു പി.ആർ.നെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കാൻ **25.11.2022**-ലെ ബി5/**4965/2022** ഉത്തരവ് പ്രകാരം മാനേജർക്ക് നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് **29.11.2022**-ലെ പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർദ്ദേശം ഉടൻ നടപ്പിൽ വരുത്തി, ശ്രീമതി. ബിന്ദു പി.ആർ-നെ **26.11.2022** മുതൽ ജോലിയിൽ പ്രവേശിപ്പിച്ച് വിവരം റിപ്പോർട്ട് ചെയ്യുവാനും, ബഹു. കോടതി വിധി നടപ്പിൽ വരുത്തുവാനും സ്കൂൾ മാനേജർക്ക് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ **19.12.2022**-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

8. വിഷയം വിശദമായി പരിശോധിച്ചതിൽ ശ്രീമതി.ബിന്ദു പി.ആർ.ന്റെ സസ്പെൻഷൻ ദീർഘിപ്പിക്കുവാൻ തക്ക കാരണങ്ങളൊന്നും കാണുന്നില്ല. സസ്പെൻഷൻ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടുള്ള വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് സർക്കാർ സ്റ്റേ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ **28.6.2019**-ലെ സർക്കുലർ നമ്പർ ജെ1/164/2019/പൊ.വി.വ പ്രകാരം സസ്പെൻഷൻ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടുള്ള പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നിലനിൽക്കുന്നതും, ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ടി അധ്യാപികക്ക് പ്രസ്തുത തീയതി മുതൽക്കുള്ള ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതുമാണ്.

9. മേൽ സാഹചര്യത്തിൽ, വരോട് **KPSMMHSS** മാനേജരുടെ **Ext.P16**, റിവിഷൻ ഹർജിയും, **Ext.P16(a)** സ്റ്റേ ഹർജിയും നിരസിച്ച്, അപ്രകാരം പാലക്കാട് വരോട് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപിക ശ്രീമതി.ബിന്ദു പി.ആർ. സമർപ്പിച്ച റിട്ട് ഹർജി **38370/2022**-ലും സ്കൂൾ മാനേജർ സർപ്പിച്ച റിട്ട് ഹർജി **38457/2022**-ലും പൊതുവായി **29.11.2022**-ന് ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, കെ.പി.എസ്.എം.എം.എച്ച്.എസ്.എസ്, വരോട്, പാലക്കാട്
ശ്രീമതി.ബിന്ദു പി.ആർ., പ്രധാനാദ്ധ്യാപിക,
കെ.പി.എസ്.എം.എം.എച്ച്.എസ്.എസ്., വരോട്, പാലക്കാട്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 06-02-2023 15:08:38

സെക്ഷൻ ഓഫീസർ